

കേരള സാഹിത്യ അക്കാദമി ആപ്പീസ്,
തൃശൂർ - 05.07.2011

പത്രക്കുറിപ്പ്:

# സാഹിത്യ അക്കാദമി ബഷീറിനെ അനുസ്മരിച്ചു

ലോകസാഹിത്യത്തിലെ മലയാളസാന്നിദ്ധ്യവും കേരള സാഹിത്യ അക്കാദമിയുടെ വിശിഷ്ടാംഗവുമായിരുന്ന വൈക്കം മുഹമ്മദ് ബഷീറിന്റെ ചരമദിനമായ ജൂൺ 5 ന് സാഹിത്യ അക്കാദമി അനുസ്മരണപരിപാടി സംഘടിപ്പിച്ചു. നിലവിളക്ക്കൊളുത്തി പുഷ്പാർച്ചനയോടെ സാഹിത്യ അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ തുടക്കംകുറിച്ചു. ഡോ.പി.വി. കൃഷ്ണൻനായർ, ഡോ.ഷൊർണൂർ കാർത്തികേയൻ തുടങ്ങിയവരും ഗവേഷകരും വിദ്യാർത്ഥികളും അദ്ധ്യാപകരും അക്കാദമി ജീവനക്കാരും ചടങ്ങിൽ സംബന്ധിച്ചു.

മലയാളത്തിൽ ഏറെ കഥാകാരന്മാരുണ്ടെങ്കിലും അതിൽ നിന്നെല്ലാം വ്യത്യസ്തനായി ജനമനസ്സിൽ മായാതെ നിൽക്കുന്ന എഴുത്തുകാരനാണ് ബഷീറെന്ന് സെക്രട്ടറി ആർ.ഗോപാലകൃഷ്ണൻ പറഞ്ഞു. സൂഫി മിസ്റ്റിക്കിന്റെ തലത്തിലേയ്ക്കുയർന്ന ഉന്നതനായ സാഹിത്യപ്രതിഭയാണ് ബഷീറെന്ന് ഡോ.പി.വി.കൃഷ്ണൻനായർ അനുസ്മരിച്ചു. സമൂഹത്തിന്റെ അടിത്തട്ടിലുള്ളവരുടെ ഭാഷയാണ് ബഷീറിന്റേതെന്ന് ഡോ.ഷൊർണ്ണൂർ കാർത്തികേയൻ പറഞ്ഞു.

ആർ. ഗോപാലകൃഷ്ണൻ
സെക്രട്ടറി